# ജി. എൽ. പി സ്കൂൾ ചേമ്പിലോട്.

കാരക്കുന്നി, ചേമ്പിലോട് പ്രദേശത്തെ വിദ്യാർത്ഥികൾക്ക് പഠനാവശ്യങ്ങൾക്കായി കുന്നിറങ്ങി കിലോമീറ്ററുകൾ താണ്ടി വിദ്യ അഭ്യസിക്കേണ്ടി വന്നിരുന്നു. ഈ സാഹചര്യത്തിൽ ഈ പ്രദേശത്തിനു ലഭിച്ച സമ്മാനമായിരുന്നു ജി. എൽ. പി സ്കൂൾ ചേമ്പിലോട്.

ഈ വിദ്യാലയത്തിന്റെ പരിസരപ്രദേശങ്ങളിൽ വലിയ കുന്ന്, സമരഭൂമി, എന്നീ ആ ഉന്നതികളിൽ നിന്നും വളർന്നു വരുന്ന പുതുതലമുറയ്ക്ക് വിദ്യാഭ്യാസം അകലെ ആയിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ വിദ്യാലയത്തിന്റെ പിറവി ഏറെ അനുഗ്രഹപ്രദമായി മാറി.

മാനന്തവാടി പട്ടണത്തിൽ നിന്നും അഞ്ച് മൈൽ മാറി പ്രകൃതി രമണീയമായ അന്തരീക്ഷത്തിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം ഭൗതിക സാഹചര്യത്തിൽ ഇന്ന് ഏറെ മുന്നിൽ നിൽക്കുന്നു. 2025-26 അക്കാദമിക വർഷത്തിൽ കുരുന്നുകൾക്ക് വിദ്യ അഭ്യസിക്കാൻ ഇരുനില കെട്ടിടം ആകുന്ന സരസ്വതി നിലയം വിദ്യാർത്ഥികളെ വരവേൽക്കാനായി കാത്തിരിക്കുന്നു.

# അക്കാദമിക മാസ്റ്റർപ്ലാൻ ഘട്ടം - 1

## മാർഗരേഖ

### അക്കാദമിക മാസ്റ്റർപ്ലാൻ - കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ

**ആമുഖം.**

വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം എന്നാൽ അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ വേണ്ട ഇടപെടൽ നടത്തി ജീവിക്കുന്നതിന് ആവശ്യമായ ശേഷികളും, മനോഭാവങ്ങളും, ധാരണകളും നേടി വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ്. വ്യക്തി വികാസത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്ന സൂചകത്തിന് 10 ലക്ഷ്യങ്ങൾ നിർവചിച്ചിട്ടുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്നതും, തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്ത പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

**ദർശനം.**

കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലത്തിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും സജ്ജമാക്കണം,

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ജി. എൽ. പി എസ് ചെന്നലോട്

മേൽവിലാസം : എടവക (P.O)
മാനന്തവാടി
വയനാട് .

സ്കൂൾ കോഡ് :

വിദ്യാഭ്യാസ ഉപജില്ല : മാനന്തവാടി

വിദ്യാഭ്യാസ ജില്ല : വയനാട് .

ബി. ആർ. സി : മാനന്തവാടി

ഗ്രാമപഞ്ചായത്ത് : എടവക ഗ്രാമപഞ്ചായത്ത്

ബ്ലോക്ക് പഞ്ചായത്ത് : മാനന്തവാടി

ജില്ലാ പഞ്ചായത്ത് : വയനാട്

നിയമ സഭാ മണ്ഡലം : മാനന്തവാടി

ലോക സഭാമണ്ഡലം : വയനാട്

താലൂക്ക് : മാനന്തവാടി

വില്ലേജ് :

ഇ. മെയിൽ വിലാസം :

# പൊതുലക്ഷ്യങ്ങൾ

1 സ്കൂളിലെത്തുന്ന എല്ലാ കുട്ടികളും അതാത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2 എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കുവാനുമുള്ള ശേഷി ഉറപ്പുവരുത്താനായി മലയാളത്തിൽ വിദ്യാവിജയം എന്ന പേരിലും ഇംഗ്ലീഷിൽ എന്ന പേരിലും പ്രത്യേക പരിശീലനം നടത്തുക.

3 ഓരോ കുട്ടിയുടേയും കലാ- കായിക മികവുകൾ കണ്ടെത്തി വേണ്ട പ്രോത്സാഹനം നൽകുക.

4 ജൂൺ 19 ന് ആരംഭിക്കുന്ന വായന ദിനം 2025-26 അധ്യയന വർഷം മുഴുവനായും വ്യാപിപ്പിക്കുക.

5 കുട്ടികളുടെ പഠന നിലവാരം അളക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും CPTA കൾ ഫലപ്രദമായി കൈകാര്യം ചെയ്യുക.

6 ഒന്നാം ക്ലാസ്സുമുതൽ നാലാം ക്ലാസ്സുവരെയുള്ള കുട്ടികളുടെ പഠന മികവും പഠന പിന്നോക്കാവസ്ഥയും SRG യിൽ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുക.

7 ചൊവ്വ, വ്യാഴം ദിവസങ്ങളിൽ സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളെ 3 ഗ്രൂപ്പുകളായി തരം തിരിക്കുകയും അവർക്കായി പ്രത്യേക പരിശീലനം (മിടുക്കർക്കായ് LSS, പ്രത്യേക പരി-ഗണന വേണ്ടവർക്കായി വിദ്യാവിജയം, മറ്റുള്ള-വർക്കായി ഇംഗ്ലീഷ് പരിശീലനം)

8. പുറമെ നിന്നും വിദഗ്ദരായ അധ്യാപകരെ വരുത്തി പ്രത്യേക പരിശീലനം വിദ്യാർത്ഥിക-ൾക്കായി ഒരുക്കുന്നു.

9 വിഷരഹിത പച്ചക്കറിത്തോട്ടം നിർമ്മിക്കുകയും അവിടെ നിന്ന് ലഭിക്കുന്ന പച്ചക്കറികൾ ഉച്ച-ഭക്ഷണത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു.

10. സ്കൂൾ സൗന്ദര്യവത്ക്കരണം :- സമഗ്രവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നടത്തിയ വിവിധ പരിപാടിയിൽ സ്കൂൾ സൗന്ദര്യ വത്ക്കരണം വന്നതിന്റെ ഭാഗമായി ചെടികൾ നട്ടു. അതി-ന്റെ തുടർപ്രവർത്തനം വർഷം മുഴുവനും നടപ്പിലാക്കും.

11 പിറന്നാൾ ചെടി :- പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുന്നതിന്റെ ഭാഗമായി പിറന്നാളിന് മിഠായി തന്ന രീതി ഒഴിവാക്കുകയും, വിദ്യാല-യത്തിന് പിറന്നാൾ ചെടി സമ്മാനിക്കുകയും ചെയ്യുന്നു.

12 ലഹരി വസ്തുക്കൾക്കെതിരെ ബോധവത്ക്കരണവും സുംബാ ഡാൻസ് പരിശീലനവും.

# അക്കാദമിക ഭൗതിക നേട്ടങ്ങൾ - പരിമിതികൾ

| നേട്ടങ്ങൾ | പരിമിതികൾ |
| --- | --- |
| * അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികച്ച അധ്യാപക സമൂഹം. | * ഉന്നതികളിൽ നിന്നും വരുന്ന വിദ്യാർത്ഥികളുടെ ഹാജർ നില നൂറുശതമാനത്തിൽ എത്തിക്കാൻ സാധിച്ചിട്ടില്ല |
| * ആധുനിക രീതിയിൽ പണിത പുതിയ കെട്ടിടം, IT ലാബ് | * മുഴുവൻ വിദ്യാർത്ഥികൾക്കും ഭാഷാ, ഗണിത ശേഷി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |
| * കലാ, കായിക ശേഷി വർദ്ധിപ്പിക്കാനായി പ്രത്യേക പരിശീലനം. | * കമ്പ്യൂട്ടർ ലാബ് കുട്ടികൾ കൈകാര്യം ചെയ്യുന്ന രീതികൾ കുറച്ചു കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. |
| * പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സഹായം | * വിദ്യാവാഹിനിയുടെ അഭാവം കുട്ടികൾക്കും, രക്ഷിതാക്കൾക്കും ബുദ്ധിമുട്ടേറുന്നു |
| * പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു. | * ദിനാചരണങ്ങൾ നടത്തുന്നുണ്ടെങ്കിലും അതാത് പ്രായത്തിനനുസരിച്ച് ശേഷി ആർജ്ജിക്കുന്നില്ലാത്ത അവസ്ഥ. |
| * അയൽവക്ക വിദ്യാലയമായ കണ്ണൂർ യൂണിവേഴ്സിറ്റി അധ്യാപക വിദ്യാർത്ഥികളുടെ സഹകരണം. | |

## ലക്ഷ്യങ്ങൾ

ഭാഷാവികസനം.

1 ഓരോ കുട്ടിക്കും അവരവരുടെ ക്ലാസുകൾക്കനുയോജ്യമാം വിധം ആശയ വിനിമയ ശേഷി നേടി എന്ന് ഉറപ്പുവരുത്തുക.

2 കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

3 കുട്ടികളെ നല്ല വായനക്കാരാക്കുക.

4 സർഗാത്മക രചനകൾക്കുള്ള അവസരം നൽകുക.

5 കൂടുതൽ സാഹിത്യകാരന്മാരെ പരിചയപ്പെടുക.

6 ഭാഷാശേഷി വികാസനത്തിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

ENGLISH

1 provided oppertunities for expression in English.

2 Prepare for independent reading.

3 Enable all children to communicate confidently in English.

4 Utilize technical education oppertunitice for English language development.

5 Utilize the potential of the illustrated notebook to acqcire basic language skills through the method of presentation of ideas.

6 Easy English books in the LP classes reading room and school.

## പരിസരപഠനം.

1 ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക, ശാസ്ത്ര ബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.

2 ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അവസരം ഒരുക്കുക

3 ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക, ആധുനിക ശാസ്ത്ര ബോധത്തോടെ ഉപകരണങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള കഴിവ് വളർത്തുക

4 ആധുനിക സൗകര്യങ്ങളോടെ കമ്പ്യൂട്ടർ ലാബ് സജ്ജമാക്കുക.

5 ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.

6 ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

## ഗണിതം.

1 അടിസ്ഥാന ഗണിത ശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

2 ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക -

3 ഓരോ ക്ലാസ്സിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്ന് ഉറപ്പാക്കുക.

4 ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.

5 ഗണിത ചിന്ത, യുക്തി ചിന്ത, വിശകലന ശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## അറബിക്.

1 എല്ലാ കുട്ടികളും ആശയം ഉൾക്കൊണ്ട് വായിക്കുവാനും എഴുതാനും പ്രാപ്തരാക്കുന്നു.

2 കരിക്കുലം ലക്ഷ്യം വയ്ക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ, മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.

3 വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിൽ ഒരുക്കുക.

4 ഭാഷാ പഠനത്തിൽ ഐ. ടി യുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും, വികസിപ്പിക്കാനുമുള്ള കുട്ടികളുടെ കഴിവ് സൃഷ്ടിക്കുക.

## സാമൂഹികാവബോധം.

1 ജനാധിപത്യ വേദികൾ ഒരുക്കുക.

2 സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.

3 ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

4 ദിനാചരണങ്ങൾ, ബോധവത്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## കലാപരിശീലനം.

1 കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക

2 കലാഭിരുചി വളർത്തുക.

3 ഓരോ കുട്ടിയുടെയും സവിശേഷ കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക.

4 ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠന-ത്തിൽ ഉപയോഗപ്പെടുത്തുക.

5 ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

## പ്രവർത്തി പരിചയം.

1 നിർമ്മാണാത്മക കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.

2 പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളും പ്രയോജനകരങ്ങളായ ഉല്പന്നങ്ങളും ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.

3 ഇതര വിഷയങ്ങളുമായി / പഠനവുമായി പ്രവർത്തി പരിചയത്തെ ബന്ധിപ്പിക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം.

1 കുട്ടികളുടെ മനസ്സിനെ ബോധ്യപ്പെടുത്തി അവരെ പഠത്ത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.

2 എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.

3 ആരോഗ്യ ശീലങ്ങൾ വളർത്തുക.

4 ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.

5 സ്കൂൾ ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അക്കാദമിക് മോണിറ്ററിംഗ്

വിദ്യാലയങ്ങളുടെ പഠനപുരോഗതി ഉറപ്പ് വരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് റൂമിലെ ഇടപെടലുകൾ, കുട്ടിയുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയമായ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബന്ധമായതല്ല, കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകണം. ഇത് ഉറപ്പാക്കാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾ തല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുനസംഘടനയ്ക്കും, പിന്തുണയ്ക്കും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ

- → വിദ്യാലയങ്ങളിൽ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി പ്രകാരമുള്ള പഠനപദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.
- → അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ് റൂം ഇടപെടലിന്റെയും ഗുണനിലവാരം ഉയർത്തുക
- → കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട് ഫോളിയോ തുടങ്ങിയവ മുതലായവ പരിശോധിക്കുക.
- → ശ്രദ്ധയാകർഷിക്കേണ്ട മേഖലകൾ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
- → വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (PTA, HM, SMC, SSK) പ്രോത്സാഹിപ്പിക്കുക.

പ്രവർത്തന ഘട്ടങ്ങൾ.

* തിയതി നിശ്ചയിച്ച സന്ദർശനം.

1 ഡയറ്റ്, DEO, AEO തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിമാസം ഒരു സ്കൂൾ സന്ദർശിക്കും. ഹാൻഡ് ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തും.

* മോണിറ്ററിംഗ് ഉപാധികൾ :-

1 UNIT WISE MONITORING FORMAT - ഒന്നാം ഭാഗം പഠനഫലങ്ങൾ, പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ എന്നിവ.

* മോണിറ്ററിംഗ് ഉപാധികൾ.

+ ~~UNIT WISE MONITORING FO~~

2 PORTIFOLD EVIDENCE : കുട്ടികളുടെ പ്രവർത്തനങ്ങൾ വിവരങ്ങൾ, വിലയിരുത്തൽ രേഖകൾ.

3 NOTEBOOK ENTRY CHECKLIST : ക്ലാസ്സിലെ റിവ്യൂ, ഓൺ ദ സ്പോട്ട് വിലയിരുത്തലുകൾ.

4 OBSERVATION TOOL : കൃത്യമായി തയ്യാറാക്കിയ ക്ലാസ്സ് റൂം നിരീക്ഷണ ഫോർമാറ്റ്.

* ഉദ്യോഗസ്ഥരുടെ ചുമതലകൾ -

1 SERT / DIET - ഫാക്കൽറ്റി അംഗങ്ങൾ, വിലയിരുത്തലിന്റെ ശാസ്ത്രീയത ഉറപ്പാക്കുക.

2 DIET PRINCIPAL : ജില്ലാതല മാർഗ്ഗനിർദ്ദേശം.

3 DDE, DEO, AEO : സ്കൂൾ തല ചിട്ട വ്യവസ്ഥയും അധ്യാപക പിന്തുണയും.

4 DPC, BPC : പദ്ധതി തയ്യാറാക്കലിന്റെ ഉപരിതല സഹായം.

5 വിദ്യാകിരണം മിഷൻ കോർഡിനേറ്റർ, ഡോക്യുമെന്റേഷൻ, ഡിജിറ്റൽ രേഖകൾ.

പ്രതിവാര അവലോകനം,

1 സന്ദർശനം, കുട്ടികളുടെ പ്രവർത്തനം, അധ്യാപകരുടെ ആസൂത്രണം, ക്ലാസ് അന്തരീക്ഷം എന്നിവയുടെ റിപ്പോർട്ട്.

2 ബ്ലോക്ക് / ജില്ലാതല അവലോകന യോഗങ്ങൾ വിജ്ഞാന സംവേദനം.

വിലയിരുത്തൽ.

* Help 2025 പ്രകാരം ഓരോ യൂണിറ്റിനും സൂക്ഷ്മ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക.
* കുട്ടികളുടെ പ്രവർത്തനങ്ങൾ, പഠന ലഘുചിത്രങ്ങൾ, പോർട്ട്ഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുക.
* അധ്യാപകരുടെ ടെക്സ്റ്റ് ബുക്കുകൾ, ഡയറികൾ, യഥാസമയം എഴുതിവച്ച ആസൂത്രണങ്ങൾ എന്നിവ പരിശോധിക്കുക.
* റിസോഴ്സ് റിയോദർ, ഗ്രൂപ്പ് പ്രവർത്തനം, ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം, സാമൂഹിക ഭാഷാവികസനം, തുടങ്ങിയ ഘടകങ്ങൾക്കുള്ള പങ്കാളിത്തം.
* അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗനിർദേശം നല്കുക.

വികാസപര വിലയിരുത്തൽ (FORMATIVE ASSESSMENT)

വികാസപര വിലയിരുത്തൽ എന്നത് പഠനപ്രക്രിയയിൽ നിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ്. പഠനത്തിനും, അധ്യാപനത്തിനും ഇടയിലെ ദിശാബോധം നല്കുന്ന വളർച്ചാഘടകമാണിത്. കുട്ടികളുടെ അറിവ്, പ്രക്രിയാ ശേഷി, പങ്കാളിത്തം, ആശയവിനിമയം, ആശയ ധാരണ

തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടുപോകുന്ന ശൈലി വളർത്തുന്നതാണ് വികസനപരമായ വിലയിരുത്തൽ. KCF 2023 അടിസ്ഥാനത്തിൽ പഠനത്തിലേക്കുള്ള പ്രക്രിയയുടെ വളർച്ചയാണ് വിലയിരുത്തലിന്റെ മുഖ്യഭൂമി.

## പ്രവർത്തന ഘട്ടങ്ങൾ.

- പ്രവർത്തന പങ്കാളിത്തം.

1 പ്രവർത്തനം ഏറ്റെടുത്തു.
2 ഗ്രൂപ്പിൽ പ്രവർത്തിച്ചു.
3 ആശയങ്ങൾ പങ്കുവച്ചു.

- ആശയധാരണ.

1 ഉള്ളടക്കം മനസ്സിലാക്കിയിരിക്കുന്നു.
2 അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ?

- പ്രക്രിയാശേഷി വിലയിരുത്തൽ

1 മുൻ ധാരണകൾ എന്തെല്ലാമായിരുന്നു?
2 പുതിയ പ്രക്രിയാശേഷികൾ വിജയകരമായി കൈവരിച്ചോ?

## വിലയിരുത്തൽ മാർഗങ്ങൾ.

1 നിരീക്ഷണം
2 അഭിമുഖം
3 റേറ്റിംഗ് സ്കെയിൽ
4 കേസ് സ്റ്റഡി.
5 സ്വയം വിലയിരുത്തൽ ഫോറങ്ങൾ.

# പ്രവർത്തന പദ്ധതികൾ.
## മലയാളം.

പ്രവർത്തനം-1

പേര്: വായന എന്റെ കൂട്ടുകാരൻ

ഉപമേഖല: വായന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ വായനയുടെ ആവശ്യകതാ ബോധം വളർത്തുക. | പത്രവാർത്തയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം. | ഒരു വർഷം | അധ്യാപകർ | |

പ്രവർത്തനം-2

പേര്: ഞാൻ വായിച്ച പുസ്തകം

ഉപമേഖല: വായന, ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ലൈബ്രറി ലഭ്യമാക്കുന്നു. വായിച്ച പുസ്തകങ്ങളെ കുറിച്ച് സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ രണ്ടുതവണ. | അധ്യാപകർ | |

പ്രവർത്തനം - 3

പേര് : മാരത്തോൺ വായന.

ഉപമേഖല : വായന.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| വായനയിൽ ജിജ്ഞാസ വർദ്ധിപ്പിക്കുവാൻ | "ഒരു കുരുവിയുടെ പതനം" എന്ന പുസ്തകത്തിന്റെ ഓരോ പേജ് വീതം കുട്ടികൾ മാറി മാറി വായിക്കുന്നു. | നിർദ്ദിഷ്ട പുസ്തക വായന തീരും വരെ | അധ്യാപകർ | |

പ്രവർത്തനം:4

പേര് : ഞങ്ങളുടെ പതിപ്പുകൾ.

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ്. | ഓരോ ദിനാചരണങ്ങൾക്കും യോജ്യമായ പതിപ്പ് നിർമാണം. | മാസത്തിൽ ഒന്ന് വീതം | അധ്യാപകർ | |

പ്രവർത്തനം - 5

പേര് : എന്റെ സർഗാത്മക ഡയറി

ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സർഗാത്മക ചിന്തകളെ ലിഖിത രൂപത്തിൽ ആവിഷ്കരിക്കുന്നതിന് | മനസിൽ പതിഞ്ഞ ചിന്തകളെയും, ആശയങ്ങളെയും സർഗാത്മക രീതിയിൽ ആവിഷ്കരിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം. | 3, 4 തരത്തിലെ കുട്ടികൾ | |

പ്രവർത്തനം : 6
പേര് : എന്റെ കുറിപ്പ്
ഉപമേഖല : ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്വതന്ത്ര ലേഖനം. | ഒരു പ്രത്യേക വിഷയം വീതം നൽകുന്നു. ഉദാ: മഴ, കാറ്റ്, അവയെ കുറിച്ച് കുറിപ്പ് എഴുതുന്നു. | ആഴ്ചയിൽ ഒന്ന് വീതം | 2ാം തരത്തിലെ കുട്ടികൾ | |

പ്രവർത്തനം - 7
പേര് : ~~എന്റെ കുറിപ്പ്~~ സ്കൂൾ ലൈബ്രറി
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ച് ലൈബ്രറി സജ്ജമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി ചാർജുള്ള അധ്യാപിക . | |

പ്രവർത്തനം : 8
പേര് : സർഗ്ഗവേള
ഉപമേഖല : പ്രകാശന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അറിവ് പൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക . | കുട്ടികളുടെ സർഗ്ഗാത്മകമായ കഴിവുകൾ (ഭാഷണം, വായന, ലേഖനം) പ്രകടിപ്പിക്കുന്നതിനുള്ള അവസരം . | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ. | |

# Action plan - English

Action : 1
Name : English Assembly
Sub topic : Performance venus.

| Objective | Activities | Time | Charge | Financial Analysis |
|---|---|---|---|---|
| Providing oppertunities of expression in English | one day, a week, the children themselves present the entire assembly programs in English. | During the week one day | English club | |

Action : 2
Name : ~~perf~~ skit performance
Sub topic : performance action.

| Objective | Activities | Time | Charge | Financial Analysis |
|---|---|---|---|---|
| Expression oppertunities | Skit performance related with English leader once in a week. (class base) | once in a week | English club. Jisha Tr Anjana Tr | |

Action : 3
Name : vocabulary activities.
Sub topic : vocabulary

| Objectives | Activities | Time | Charge | Financial Analysis. |
|---|---|---|---|---|
| To improve the vocabulary of the pupils. | Introdusing a new word every day, writing on the notice board. | Through-out the year. | English club. | |

Action : 4
Name : spoken English classes
Sub Topic : conversation

| objective | Activities | Time | charge | Financial Analysis |
|---|---|---|---|---|
| To improve the spoken English. | Different types of activity with the help of ICT, without ICT. | Twice in a week | English club<br>Experts from outside the school. | |

Action : 5
Name : Tell a story
Sub Topic : story telling

| objective | Activities | Time | charge | Financial Analysis |
|---|---|---|---|---|
| Listern and Comprehend English | Tell stories every day at 3.30 p.M | Every day. | class Teachers. | |

Action : 6
Name : ~~writ~~ Reading cards making
Sub Topic : writing skill

| objective | Activities | Time | charge | Financial Analysis |
|---|---|---|---|---|
| Improve the writing skill. | Making reading cards, by conducting a workshop. | once in a month. | parent's<br>Teachers.<br>Artists | |

# ഗണിതം

പ്രവർത്തനം -1

പേര് : ഗണിത വർക്ക് ഷീറ്റ് ശില്പശാല

ഉപവേല: വർക്ക് ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും നേടി ഉറപ്പാക്കുക. | എല്ലാ ക്ലാസ്സിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG | |

പ്രവർത്തനം - 2

പേര് : ഗണിതലാബ്

ഉപവേല: ഗണിതക്കേളികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുക. | കുട്ടികൾക്ക് സ്വന്തമായി ഉപയോഗിക്കാൻ സഹായകരമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ | 2025-26 | അധ്യാപകർ | |

പ്രവർത്തനം - 3

പേര് : ഗണിതമൂല

ഉപമേഖല: ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശക |
| --- | --- | --- | --- | --- |
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും എത്തിക്കുന്നതിന് | മുഴുവൻ ക്ലാസ്സുകളിലും ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട്, കാർഡ് തുടങ്ങിയവ) | ജൂൺ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം: 4

പേര് : യൂണിറ്റ് വിലയിരുത്തൽ

ഉപമേഖല; യൂണിറ്റ് ടെസ്റ്റ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഓരോ ക്ലാസിലും ഓരോരുത്തരിലേയും ഉള്ളടക്ക പഠനലക്ഷ്യങ്ങൾ കൈവരിച്ചുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനത്തിൽ നിർണ്ണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം-5

പേര് : ഗണിത ക്ലാസ് പി.ടി.എ

ഉപമേഖല : സി.പി.ടി.എ ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസ്സിലും ഗണിത ശേഷി നേടിയെന്ന് ഉറപ്പാക്കൽ | ഓരോ ക്ലാസിലും ഗണിത പാഠങ്ങളിലെ HW പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്ത് നൽകുന്നു. പിന്തുണാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം- 6

പേര് : ഗണിതം മധുരം.

ഉപമേഖല : ഗണിത കേളി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ. ക്യാമ്പുകൾ, ശില്പശാലകൾ. | ജൂൺ-ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |

# പരിസര പഠനം.

പ്രവർത്തനം-1

പേര്: ശാസ്ത്ര പഠനോപകരണ ശില്പശാല

ഉപമേഖല: ലാബ് ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക. | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം-2

പേര്: എന്റെ പരീക്ഷണം.

ഉപമേഖല: ശാസ്ത്ര അവബോധം വളർത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠന താത്പര്യം വളർത്തുക, ശാസ്ത്ര ബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം-3

പേര്: പരീക്ഷണ കിറ്റ്

ഉപമേഖല: നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം. | | | | |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാ ശേഷികളുടെ വളർച്ചക്കിണങ്ങിയ വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും പരീക്ഷണങ്ങൾക്കാവശ്യമായ സൗകര്യം ഒരുക്കുക. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

# രാസലഹരി, മൊബൈൽ അഡിക്ഷൻ.

പ്രവർത്തനം - 1
പേര്: ലഹരി, രാസലഹരി, മൊബൈൽ അഡിക്ഷൻ
ഉപമേഖല: ശാരീരിക, മാനസിക, ആരോഗ്യ ബോധവത്കരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ആരോഗ്യത്തിലെ അറിവുകളെ ബോധവും പ്രതിരോധ ശേഷിയും വളർത്തുക | ബോധവത്കരണ ക്ലാസുകൾ, വീഡിയോകളിലൂടെ പ്രദർശനം, പോസ്റ്റർ നിർമ്മാണം എന്നിവയിലൂടെ കുട്ടികളിൽ ബോധം വളർത്തുന്നു, | അധ്യയന ദിവസങ്ങളിൽ | ആരോഗ്യ ഗ്രൂപ്പ് | |

# സാമൂഹികാവബോധം.

പ്രവർത്തനം-1

പേര് : അതിഥിയെ അറിയൽ

ഉദ്ദേശ്യം : സാമൂഹ്യ അവബോധം വളർത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹിക അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ ചർച്ചകൾ, സംവാദങ്ങൾ, ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം-2

പേര് : പ്രാദേശിക അറിവ്

ഉദ്ദേശ്യം : നാടറിവ്.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന് സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന്. | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശില്പശാലകൾ നടത്തുകയും ചെയ്യുക. | നവംബർ | SSG | |

## വിവര സാങ്കേതികം.

പ്രവർത്തനം. 1

പേര്: വിവര സാങ്കേതിക വിദ്യയിൽ പരിശീലനം.

ഉപമേഖല: അദ്ധ്യാപക ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ പരിചയപ്പെടുത്തൽ | ഓരോ മാസത്തിലും. | SITC | |

പ്രവർത്തനം-2

പേര്: IT ലാബ്.

ഉപമേഖല: കമ്പ്യൂട്ടർ വിജ്ഞാനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറിൽ ഉപയോഗിക്കാനുള്ള അവസരം. | IT, ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ. | ജൂൺ ആഗസ്റ്റ് | SITC | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

പ്രവർത്തനം-1

പേര് : കായികാരോഗ്യം

മേഖല: സുംബാ ഡാൻസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഒരു ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | സുംബാ ഡാൻസ് പരിശീലനം | ജൂലൈ-മാർച്ച് | HM<br>SRG<br>PTA | |

പ്രവർത്തനം-2

പേര് : ഹെൽത്ത് ചെക്ക് അപ്പ്

മേഖല : ആരോഗ്യം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തൽ | എല്ലാ കുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പുവരുത്താനായി രണ്ട് ടേർമിനൽ ഹെൽത്ത് ചെക്ക് അപ്പ്. | ജൂൺ-സെപ്റ്റംബർ | PTA | |

# പ്രവൃത്തി പരിചയം ,

പ്രവർത്തനം : 1

പേര് : പ്രവൃത്തിപരിചയ ശില്പശാല

ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തി പരിചയ മേളകളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കുക പാവ, ചോക്ക് etc | സെപ്റ്റംബർ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 2

പേര് : ഒറിഗാമി

ഉപമേഖല : കരകൗശല പരിശീലനം .

| ലക്ഷ്യം | | | | |
|---|---|---|---|---|
| ഇതര വിഷയവുമായി പ്രവൃത്തിപരിചയത്തെ ബന്ധിപ്പിക്കുക | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ . പാഠഭാഗങ്ങളെ നിർമ്മാണ പ്രവർത്തനങ്ങൾക്കനുയോജ്യമായ പരിശീലനം ലഭ്യമാക്കൽ . | ജൂലൈ | റിസോഴ്സ് പേഴ്സൺ | |

# സർഗ വേദി

പ്രവർത്തനം-1
പേര് : സർഗവേദി
ഉപമേഖല : പ്രകാശനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക (കുട്ടികളുടെ സർഗാത്മക കഴിവുകൾ) | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗ-വേദി നടത്തൽ. ഉത്തരവാദി: വിദ്യാർത്ഥികൾ. | എല്ലാ ആഴ്ചയിലും. | CT SRG | |

പ്രവർത്തനം-2
പേര് : പ്രകാശന വേദികൾ
ഉപമേഖല : സോഷ്യൽ മീഡിയ പ്രകാശനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികാസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ രചനകൾ സ്കൂൾ യൂട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കുവയ്ക്കൽ. | ജൂൺ-മാർച്ച് | SRG CT | |

പ്രവർത്തനം - 4

പേര് : പരീക്ഷണോത്സവം

മേഖല: ശാസ്ത്രാന്വേഷണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളിലേക്കുള്ള താത്പര്യവും മനശാസ്ത്രപരമായ ഉത്സാഹവും വളർത്തുക | ക്ലാസ് മുറിയിൽ ശാസ്ത്ര പരീക്ഷണങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളിയാക്കുക. എന്നിവയാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം. | എല്ലാ മാസവും | ക്ലാസ് ടീച്ചർ<br>ശാസ്ത്ര ക്ലബ് | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-2026
## G.L.P.S CHEMBILODE
## അറബിക്

ലക്ഷ്യങ്ങൾ: 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുതുന്ന രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്

2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പറയുന്നു.

3. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്

4. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു.

5. വാക്യനിർമ്മാണം

6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു.

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കൈക്കൊള്ളേണ്ട പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സമയക്രമം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ പങ്കാളിത്തം പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| 1. അക്ഷരവായന<br>• എഴുത്തുരീതി<br>• ചിഹ്നങ്ങൾ ചേർത്തുവായന | 1. അക്ഷരകാർഡുകൾ നൽകുന്നു.<br>2. അക്ഷരങ്ങൾക്ക് നിറം നൽകാൻ<br>3. ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു.<br>4. അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു.<br>5. ICT ഉപയോഗിക്കുന്നു | 1. അക്ഷരമാല രീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരിശോധിക്കുന്നു.<br>2. രക്ഷിതാവിന്റെ സഹായത്തോടെ കുട്ടിയെ പരിശീലിപ്പിക്കുന്നു.<br>3. അക്ഷരമാല ഗാനമായി ഉപയോഗിക്കുന്നു.<br>4. വീടുകളിൽ അക്ഷരചാർട്ട് | 1. കുട്ടികൾ വായിക്കുന്നു ഉച്ചാരണങ്ങളിൽ ഉണരുന്നു.<br>2. | CPTA<br><br>CPTA | ജൂൺ മുതൽ ആഗസ്റ്റ്<br><br>ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| പദനിർമ്മാണം<br>പദലേഖനം | 1. അക്ഷരകാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു.<br>2. പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകും.<br>3. പദനിർമ്മാണ മത്സരങ്ങൾ നടത്തുന്നു. | രക്ഷിതാക്കളുടെ സഹായത്തോടെ പരിശീലിപ്പിക്കുന്നു.<br><br>കഴിവ് നേടുന്നതിന് അധിക പ്രവർത്തനങ്ങൾ നൽകാം. | | | |